"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

കാർഷിക വികസന കർഷക ക്ഷേമ വകുപ്പ്- കാർഷിക വികസന കർഷക ക്ഷേമ വകുപ്പിന് കീഴിലെ ട്രെയിനിംഗ് സെന്ററായ സമേതി എന്ന സ്ഥാപനത്തിന് പരിശീലന പരിപാടി നടത്തുന്നതിന് അനുവദിച്ച തുക തെറ്റായി സ്വകാര്യ വ്യക്തിയുടെ അക്കൗണ്ടിൽ ക്രഡിറ്റ് ചെയ്തതിന് ഉത്തരവാദികളായ ഉദ്യോഗസ്ഥൻമാരെ സർവ്വീസിൽ നിന്നും സസ്പെൻഡ് ചെയ്തുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു

---

**കൃഷി(ഇ ബി) വകുപ്പ്**

സ.ഉ.(സാധാ) നം.1122/2023/AGRI തീയതി,തിരുവനന്തപുരം, 28-11-2023

---

പരാമർശം:- 1. കാർഷിക വികസന കർഷകക്ഷേമ വകുപ്പ് ഡയറക്ടറുടെ 14.08.2023 ലെ എഎ2(2)8970/2021 നമ്പർ കത്ത് .

2) വിജിലൻസ് ആൻഡ് അന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടറുടെ 29.09.2023 ലെ E1-35435/2023/DVACB നമ്പർ കത്ത്

3) കൃഷി വകുപ്പ് ഡയറക്ടറുടെ 22/11/2023-ലെ എഎ(2) 8970/2021-ലെ കത്ത്.

**ഉത്തരവ്**

കാർഷിക വികസന കർഷക ക്ഷേമ വകുപ്പിന് കീഴിലെ ട്രെയിനിംഗ് സെന്ററായ സമേതി എന്ന സ്ഥാപനത്തിന് പരിശീലന പരിപാടി നടത്തുന്നതിനായി അനുവദിച്ച 10 ലക്ഷം രൂപ 03.08.2018 തീയതിയിലെ VC 3037/2018 എന്ന ഉത്തരവ് പ്രകാരം 240100-113-82(P) എന്ന ശീർഷകത്തിൽ നിന്നും മാറി സമേതി ഡയറക്ടറുടെ ആനയറ SBI ശാഖയിലെ അക്കൗണ്ട് നമ്പരിലേക്ക് ക്രഡിറ്റ് ചെയ്യുന്നതിനായി 18.09.2018 ൽ ബിൽ കൃഷി വകുപ്പ് ഡയറക്ടറേറ്റിൽ നിന്നും വികാസ് ഭവൻ സബ് ട്രഷറിയിൽ സമർപ്പിക്കുകയും ടി ബിൽ 19.08.2018 തീയതിയിൽ പാസാവുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത അക്കൗണ്ട് ക്ലോസ്ഡ് ആയതിനാൽ ടി ബിൽ കൃഷിവകുപ്പ് ഡയറക്ടറേറ്റിലെ BIMS സോഫ്റ്റ് വെയറിൽ തിരികെ എത്തുകയും പിന്നീട് 20 മാസങ്ങൾക്ക് ശേഷം അന്തിമ ഗുണഭോക്താവിന്റെ പേരിൽ മാറ്റമില്ലാതെയും എന്നാൽ അക്കൗണ്ട് നമ്പറിലും ബാങ്കിലെ IFSC കോഡിലും മാറ്റം വരുത്തിയും ഒരു സ്വകാര്യ വ്യക്തിയുടെ അക്കൗണ്ടിലേക്ക് 29.05.2020 ൽ ക്രഡിറ്റ് ചെയ്ത് നൽകിയതായും ഇത്തരത്തിൽ സമേതി ഡയറക്ടറുടെ അക്കൗണ്ട് നമ്പറിലും ബാങ്കിന്റെ IFSC കോഡിലും മാറ്റം വരുത്തി സർക്കാർ പ്ലാൻ ഫണ്ട് തുകയായ 10,00,000/- (പത്തുലക്ഷം രൂപ) രൂപ സ്വകാര്യ വ്യക്തിയുടെ അക്കൗണ്ടിലേക്ക് ക്രഡിറ്റ് ചെയ്യുന്നതിനായുള്ള മാറ്റങ്ങൾ വരുത്തിയത് കൃഷിവകുപ്പ് ഡയറക്ടറേറ്റിലെ അക്കൗണ്ട്സ് വിഭാഗം BIMS സോഫ്റ്റ് വെയറിൽ നിന്നാണെന്നും സർക്കാർ പണം കൈകാര്യം ചെയ്യുന്നതിൽ ഗുരുതരമായ ക്രിമിനൽ കുറ്റകൃത്യം നടന്നതായി സംശയിക്കുന്നതിനാൽ കേരള ഫിനാൻഷ്യൽ കോഡ് ആർട്ടിക്കിൾ 305 പ്രകാരം ഇക്കാര്യത്തിൽ അന്വേഷണം നടത്തി ഉചിതമായ നിയമാനുസൃത നടപടികൾ കൈക്കൊള്ളണമെന്നും പരാമർശം (1) കത്ത് പ്രകാരം കൃഷി വകുപ്പ്

ഡയറക്ടർ വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ, സൂപ്രണ്ട് ഓഫ് പോലീസിനോട് ആവശ്യപ്പെട്ടിരുന്നു.

2. കൃഷി വകുപ്പ് ഡയറക്ടറുടെ പരാമർശം (1) ശിപാർശ സംബന്ധിച്ച് ഒരു അന്വേഷണം നടത്തുന്നതിന് അനുമതി നല്കണമെന്ന് ഡയറക്ടർ വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ പരാമർശം(2) കത്ത് പ്രകാരം ആവശ്യപ്പെട്ടിരുന്നു. സർക്കാർ പണം കൈകാര്യം ചെയ്യുന്നതിൽ ഗുരുതരമായ ക്രമക്കേട് നടത്തിയത് ശ്രീമതി. സുഷമ കുമാരി, അക്കൗണ്ട്സ് ഓഫീസർ, ശ്രീമതി. സുനിത എസ്., ജൂനിയർ സൂപ്രണ്ട്, ശ്രീ. റോയ് എസ്., സീനിയർ ക്ലാർക്ക് എന്നിവരാണെന്ന് പരാമർശം (3) കത്ത് പ്രകാരം കൃഷി വകുപ്പ് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു സർക്കാർ പണം കൈകാര്യം ചെയ്യുന്നതിൽ ഗുരുതരമായ ക്രിമിനൽ കുറ്റകൃത്യം നടന്നതായി സംശയിക്കുന്ന സാഹചര്യത്തിൽ, ബന്ധപ്പെട്ട ഉദ്യോഗസ്ഥർ പ്രസ്തുത തസ്തികയിൽ തുടരുന്നത് ടിയാൾക്കെതിരെയുള്ള അന്വേഷണ നടപടികളെ ബാധിക്കും എന്നത് പരിഗണിച്ച്, അന്വേഷണത്തിന് വിധേയമായി, ടി ക്രമക്കേടിന് ഉത്തരവാദികളായിട്ടുള്ള കാർഷിക വികസന കർഷകക്ഷേമ വകുപ്പ് ഡയറക്ടറേറ്റിലെ ഉദ്യോഗസ്ഥൻമാരായ ശ്രീമതി സുഷമ കുമാരി എൽ. എസ്.(പെൻ.151789),അക്കൗണ്ട്സ് ഓഫീസർ, ശ്രീമതി സുനിത എസ്.(പെൻ.182512),ജൂനിയർ സൂപ്രണ്ട്,ശ്രീ റോയ് എസ്.(പെൻ.182717),സീനിയർ ക്ളർക്ക് എന്നിവരെ KCS (CCA) Rule 10 പ്രകാരം സർവ്വീസിൽ നിന്നും സസ്പെൻഡ് ചെയ്ത് ഉത്തരവാകുന്നു

4. കേരള സർവ്വീസ് റൂൾസ് പാർട്ട് I റൂൾ 55 പ്രകാരം മേൽ പരാമർശിത ഉദ്യോഗസ്ഥർക്ക് ഉപജീവന ബത്തയ്ക്ക് അർഹതയുണ്ടായിരിക്കും.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
മുഹമ്മദ് ഹനീഫ.എം.എം.
അഡിഷണൽ സെക്രട്ടറി

കാർഷിക വികസന കർഷകക്ഷേമ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം.
ബന്ധപ്പെട്ട ഉദ്യോഗസസ്ഥർക്ക് ,കാർഷിക വികസന കർഷകക്ഷേമ വകുപ്പ് ഡയറക്ടറേറ്റ്
(കാർഷിക വികസന കർഷകക്ഷേമ ഡയറക്ടർ മുഖേന)
ഡയറക്ടർ, വിജിലൻസ് ആൻഡ് അന്റി കറപ്ഷൻ ബ്യൂറോ ,തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), കേരള, തിരുവനന്തപുരം.
വിജിലൻസ് വകുപ്പ്, സെക്രട്ടേറിയറ്റ്,തിരുവനന്തപുരം.(VIG-B2/365/2023-VIG)
കൃഷി (PA )വകുപ്പ്, .(AGRI-PA2/104/2023-AGRI)
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ